(ബി) 2005 ജൂൺ അവസാനം വരെയുള്ള കണക്കനുസരിച്ച് ഭരണ നവീകരണ പരിപാടിയുടെ പൊതു ഉദ്യമങ്ങളുടെയും സേവന പ്രദാന പദ്ധതിയുടെയും നടത്തിപ്പിനായി 217,27,90,900 രൂപയുടെ പേമെന്റ് ഉത്തരവ്/ അലോട്ടുമെന്റ് ലറ്ററുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 22 വകുപ്പുകളിലെ അനേകം ഓഫീസുകൾ വഴി സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നിന്നാണ് ഈ തുക പിൻവലിക്കേണ്ടത്. അതിനാൽ ട്രഷറികളിൽ നിന്ന് പിൻവലിക്കപ്പെട്ട തുകയുടെ യഥാർത്ഥ കണക്ക് അക്കൗണ്ടന്റ് ജനറലിന്റെ 2004-2005 വർഷത്തെ ഫിനാൻഷ്യൽ അക്കൗണ്ടുകൂടി പ്രസിദ്ധീകരിച്ചാൽ മാത്രമേ നിജപ്പെടുത്താനാവുകയുള്ളൂ.

ഇതു കൂടാതെ പരമ്പരാഗത വ്യവസായ സഹായ നിധിയിലേക്ക് 50 കോടി രൂപയും സാമൂഹ്യ സുരക്ഷാ നിധിയിലേക്ക് 48 കോടി രൂപയും ആസ്തി നവീകരണ നിധിയിലേക്ക് 3 സാമ്പത്തിക വർഷങ്ങളിലായി 130 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്.

സേവന പ്രദാന പദ്ധതിക്കു മാത്രമായി ഇനിയും 240 കോടിയിലധികം രൂപ വേണ്ടി വരും. പൊതു ഉദ്യമങ്ങളിൽ ചിലതിന്റെ കൂടി ബഡ്ജറ്റ് അംഗീകരിക്കേണ്ടതുണ്ട്. അതും കൂടിയായാലെ പൊതു ഉദ്യമങ്ങൾക്ക് ഇനിയും വേണ്ടി വരുന്ന തുകയുടെ പൂർണ്ണമായ കണക്ക് ലഭ്യമാവുകയുള്ളൂ.

(സി) നിലവിൽ സൗജന്യമായി നൽകുന്ന സേവനങ്ങൾക്ക് ഒന്നും തന്നെ യൂസർ ഫീ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടില്ല.

(ഡി) ഭരണ നവീകരണത്തിനും സാമ്പത്തിക പരിഷ്ക്കരണങ്ങൾക്കുമായി ഏഷ്യൻ വികസന ബാങ്കിൽ നിന്നും കേന്ദ്ര സർക്കാർ വഴി അധിക കേന്ദ്ര സഹായമായി 1036.50 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

ഇതിൽ നിന്നുള്ള ചെലവിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉത്തരം 'ബി' യിൽ നൽകിയിട്ടുണ്ട്.

**വിദ്യാർത്ഥി പ്രക്ഷോഭം തീർക്കാൻ സർവ്വകക്ഷിയോഗം**

*9 [252] *ശ്രീ. പി. ജയരാജൻ:*
*ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*
*ശ്രീ. എം. പി. ഗോവിന്ദൻ മാസ്റ്റർ:*
„ *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന വിദ്യാർത്ഥി പ്രക്ഷോഭം അവസാനിപ്പിക്കുന്നതിന് സർക്കാർ സർവ്വകക്ഷി യോഗം വിളിച്ചിരുന്നോ; എങ്കിൽ എന്നാണ് സർവ്വകക്ഷി യോഗം വിളിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) യോഗത്തിൽ സമരം ഒത്തുതീർപ്പാക്കുന്നതിന് എന്തെല്ലാം തീരുമാനങ്ങളാണ് സർക്കാർ എടുത്തതെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രശ്നങ്ങളിലാണ് ഒത്തുതീർപ്പ് ധാരണയുണ്ടായതെന്ന് പറയാമോ;

(ഡി) വിദ്യാർത്ഥി സമരത്തെ തുടർന്ന് വിദ്യാർത്ഥികളുടെ പേരിൽ എടുത്തിട്ടുള്ള കേസുകളെ സംബന്ധിച്ച എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) വിളിച്ചിരുന്നു. 5-7-2005, 10-7-2005 തീയതികളിലാണ് സർവ്വകക്ഷി യോഗം വിളിച്ചിരുന്നത്.

(ബി) & (സി) CAPE -ന്റെ കീഴിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ മെരിറ്റ് സീറ്റിൽ പ്രവേശിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് കോളേജുകളിലെ ഫീസ് നിരക്ക് ബാധകമാക്കാമെന്ന് സമ്മതിച്ചു. പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മെരിറ്റ് സീറ്റുകളിൽ കഴിഞ്ഞ വർഷം പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് നിരക്കിലുള്ള ഫീസ് ബാധകമാക്കാമെന്നും സമ്മതിച്ചു ഇക്കൊല്ലം കൗൺസിലിംഗ് പൂർത്തിയാക്കിയ സാഹചര്യത്തിൽ പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മെരിറ്റ് സീറ്റിൽ പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഫീസ് നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാമെന്ന് തീരുമാനിച്ചു ഇതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടാവുകയാണെങ്കിൽ അങ്ങനെയുള്ള വിദ്യാർത്ഥികളെ മറ്റു വിധത്തിൽ സഹായിക്കുന്ന കാര്യവും പരിഗണിക്കുന്നതാണെന്ന് തീരുമാനമായി.

(ഡി) കേസുകൾ പിൻവലിക്കുകയില്ലെന്നും എന്നാൽ ജാമ്യം നൽകുന്നതിന് അനുകൂലമായ നിലപാടെടുക്കുന്നതാണ്.

## വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും സംവിധാനങ്ങൾ

*10 [253] *ശ്രീ. കെ. പി. സതീശ്ചന്ദ്രൻ*:

" *വി. കെ. ചന്ദ്രൻ*:

" *വി. കെ. സി. മമ്മത് കോയ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly